# ഇ-ദളം



സെന്റ്. ഫ്രാൻസിസ് എച്ച്.എസ് ഫോർ ഗേൾസ് ആലുവ

OF

# St Francis H.S for Girls Aluva

Presents.........................

# ആശംസകൾ..................

ഇലക്ട്രോണിക്ക് യുഗത്തിൽ ജീവിക്കുന്ന പുതിയ തലമുറയുടെ സർഗ്ഗശേഷികൾ തനതുമാർഗ്ഗങ്ങളിലൂടെ തന്നെ പ്രകടിപ്പിക്കുവാൻ ഇന്ന് വിദ്യാഭ്യാസരംഗത്ത് ധാരാളം അവസരങ്ങളുണ്ട്. അത്തരത്തിലൊന്നാണ് ഡിജിറ്റൽ മാഗസിൻ. സെന്റ് ഫ്രാൻസിസിലെ ഡിജിറ്റൽ പ്രതിഭകൾ തയ്യാറാക്കിയ ഇ-ദളത്തിന് അഭിനന്ദനങ്ങൾ . നിങ്ങളുടെ കഴിവുകളെല്ലാം ഒന്നുചേർന്ന് പല ദളങ്ങൾ ചേർന്ന പുഷ്പങ്ങൾ പോലെ സമൂഹത്തിന് സുഗന്ധവും ശോഭയും നൽകട്ടെ എന്നാശംസിക്കുന്നു.

ഹെഡ് മിസ്ട്രസ്

സിസ്റ്റർ ക്ലമന്റീന സി. റ്റി. സി



# ആശംസകൾ.......

കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖല ഹൈടെക് ആയികഴിഞ്ഞിരിക്കുന്നു. ഹൈടെക് വിദ്യാലയങ്ങളിലെ ഐ. ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിലും വിജയകരമായി നടത്തി പോരുന്നു. പ്രഗത്ഭരായ രണ്ട് അധ്യാപകരുടെ നേതൃത്വത്തിൽ മികവുറ്റ പ്രവർത്തനങ്ങളുമായി നമ്മുടെ കാഴ്ച ആനന്ദദായകമാണ്. അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി മലയാളം കമ്പ്യൂട്ടിങ്ങിൽ പരിശീലനം നേടുകയും ഒരു ഡിജിറ്റൽ മാഗസിൻ നിർമിക്കുകയും ചെയ്തത് അഭിമാനകരമായ കാര്യം തന്നെയാണ്.ഡിജിറ്റൽ ലോകത്ത് തനത് മുദ്ര പതിപ്പിക്കാനാകുമെന്ന് തെളിയിച്ചുകൊണ്ട് ഈ കുരുന്നുകൾ കാഴ്ചവെച്ച സാഹിത്യ സംഭാവനയ്ക്ക് ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു.



എലിസബത്ത് റോമി ടി .എ

(മലയാള അധ്യാപിക)

# സെന്റ് ഫ്രാൻസിസ്സ് എച്ച്. എസ് ഫോർ ഗേൾസ് ആലുവ



പ്രിയ കൂട്ടുകാരെ,

ഐറ്റി മേഖല ലോകത്ത് ഇന്ന് പടർന്ന് പന്തലിച്ചിരിക്കുകയാണ്. സ്കൂൾ തലങ്ങളിലും അതിന്റെ സാന്നിദ്ധ്യം രേഖപ്പെടുത്തിയിരിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിനായി ലിറ്റിൽ കൈറ്റ്സ് എന്ന ഐറ്റി കൂട്ടായ്മ ഐറ്റി ലോകത്തേക്ക് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഞങ്ങൾ വിദ്യാർത്ഥികൾ ഒരുമിച്ച് ഞങ്ങളുടെ മികവ് തെളിയിക്കുന്നതിന് വേണ്ടി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്. ഈ എളിയ സംരംഭം ഐറ്റി മേഖലയിൽ ഒരു മാതൃകയായി തീരട്ടെ എന്നാശംസിക്കുന്നു.



എഡിറ്റർ

ഹനീന പി.എ

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ :- ഹനീന പി. എ IX C

സബ്ബ് എഡിറ്റർ :- ഫസ്ന ഷാജഹാന IX F
ഫാരിഷ മുജീബ് IX A
റുക്സാന .വി.ആർ IX G

കൈറ്റ് മിസ്ട്രസ്സ് :- മരിയ ജിൻസി
രശ്മി ജോസ്

# ഉപദേശകസമിതി

**സിസ്റ്റർ ക്ലമന്റീന സി .റ്റി .സി**

(സ്കൂൾ ഹെഡ്മിസ്ട്രസ്)

**മോണിക്ക ജുബിൻ**

(ശാസ്ത്ര അധ്യാപിക)

**റോണി സോയ്**

(മലയാള അധ്യാപിക)

**എലിസബത്ത് റോമി**

(മലയാള അധ്യാപിക)

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



# താളുകളിലൂടെ

1. ഭാരതം................................13

2. ദൈവത്തിന്റെ ശക്തി.............15

3. സുധീഷ് വി ആർ.....................16

4. മത്സ്യം................................17

5. കരാള യുദ്ധം........................18

6. പ്രളയം................................19

7. കാത്തിരിപ്പ്..........................20

8. പ്രകൃതി മനോഹരം...............21

9. ഓർമയിലെ വസന്തം............22

10. ചെറുശ്ശേരി........................23

11. എന്റെ യാത്ര......................24

12. കുസൃതി ചോദ്യങ്ങൾ..............26

13. എന്റെ വിദ്യാലയം................27

14. അറിവിന്റെ വഴി .....................28

15. ദുരിതം വിനച്ച വിനാശകാരി...29

16. ജീവൽ സ്പന്ദനം......................30

17. കൂട്ടുകാർ...............................31

18. അമ്മയുടെ മഹത്ത്വം.............32

19. തുഞ്ചത്തെഴുത്തച്ചൻ.............33

20. പുകവലി ചീത്തയാണ്...........34

21. എന്റെ അച്ഛൻ.......................35

22. അമ്മ......................................36

23. പ്രിയദർശനം........................37

24. ഒരിക്കലും..............................38
25. നമ്മുടെ എഴുത്തുക്കാർ............39
26. ചരിത്ര ക്വിസ്........................40
27. സൗഹൃദത്തിനുള്ള പ്രാധാന്യം.42
28. കേരളം..................................43
29. ചാന്ദ്ര ദിന ക്വിസ്..................44
30. സുന്ദരലോകം........................46
31. നമക്ക് പ്രളയം മതി..............47
32. സുന്ദരിയായ ചക്കി കാക്ക......48
33. സ്നേഹിതർ............................51
34. Love....................................53
35. My Dear...............................54
36. Friend ship.........................55

37.Wonderful world................57
38.Republic day......................58
39.Internet...............................59
40.Science quiz.......................60
41.The king of St Francis....62
42.Rain.....................................63
43.Dad my hero....................64
44.Books...............................65
45. Beauty..........................66

# ഭാരതം

എന്റെ നാട് ഭാരതം
നമ്മതൻ നിറകുടം.
സ്നേഹപൂക്കൾ പൂത്തുലയും
ഭാരതപ്പൂങ്കാവനം

ഭാഷ വേഷമനവധി
വീടതൊന്നു ഭാരതം
ഭാരതമാം വീട്ടിലുള്ള
നല്ല മക്കളാണു നാം

സ്നേഹമുള്ള ഞങ്ങളിൽ
കലഹമില്ല ഞങ്ങളിൽ
ഇന്ത്യയെന്ന നാട്ടിൽ
നന്മകൾ വിതച്ചിട്ടും

-ഹനീന പി.എ



# ദൈവത്തിന്റെ ശക്തി

ഒരിടത്ത് ഒരു കർഷകനും അദ്ദേഹത്തിന് രണ്ട്

പശുക്കുട്ടികളുമുണ്ടായിരുന്നു.ഒരുദിവസം കൃഷിക്കാരൻ തന്റെ
പശുക്കുട്ടികളെ പുല്ല് തീറ്റിക്കാൻ പാടത്തേക്കു

കൊണ്ടുപോയി.കൃഷിക്കാരൻ കടയിൽ പോകുന്നതിന് വേണ്ടി

പശുക്കുട്ടികളെഒരു മരത്തിൽ കെട്ടിയിട്ടു.അപ്പോൾ ഒരു കള്ളൻ

പാടത്തൊളിച്ചിരിപ്പുണ്ടായിരുന്നു.ആ കള്ളൻ ആ

രണ്ട്പശുക്കുട്ടികളേയും കണ്ടു.മണിക്കുട്ടി എന്ന പേരുള്ളപശുവിന്നേരേ

കള്ളൻ കത്തിവീശി മുറിവേൽപ്പിച്ചു.മണിക്കുട്ടിമയങ്ങിവീണു.മീനുക്കുട്ടി

എന്ന് പേരുള്ള പശുകൃഷിക്കാരനെവിളിച്ചു.പക്ഷേ,കൃഷിക്കാരൻ

അത്കേട്ടില്ല.കാരണം കൃഷിക്കാരൻ കടയിലായിരുന്നു.പാവംമീനുക്കുട്ടി

വളരയേറെ സങ്കടപ്പെട്ടു.മീനുക്കുട്ടി
വിഷമത്തോടെദൈവത്തോട്പറഞ്ഞുനീയെന്തിനാണ് മണിക്കുട്ടിയെ

ശിക്ഷിക്കുന്നത്.അവൾനിന്നോട്എന്ത് തെറ്റാണ് ചെയ്തത്".അവളുടെ

പ്രാർത്ഥന ദൈവംകേട്ടു.അങ്ങനെ അവൾ

രക്ഷപ്പെട്ടു. -ഫാത്തിമ ഇ എ

# സുധീഷ് വി.ആർ(1961)



പ്രശസ്ത ചെറുകഥാകൃത്ത്.കോഴിക്കോട് ജില്ലയിലെ വടകരയിൽ ജനനം.

പ്രധാനകൃതികൾ :ദൈവത്തിനൊരു പൂവ് ,ക്രൂരഫലിതക്കാരൻ ദൈവം, കല്ലേരിയിലെത്തുന്നതപാൽകാരന് ,സ്വാതന്ത്ര്യത്തിനുവയസ്സാവുന്നു,വംശാനന്തര തലമുറ,ചോലമരപ്പാതകൾ,രാജാവിന്റെ മീനുകൾ സങ്കടമരം, ക്ഷീരപഥം, തീയ്യക്കുട്ടികൾ,ഇന്ന് വിചാരിക്കുന്നത്,അഞ്ചു ലഘുനോവലുകൾ

# മത്സ്യം

മണൽത്തരിയോളം പോന്നൊരു മത്സ്യം
കടൽത്തിരയോട്
ഒറ്റയ്ക്ക് പൊരുതി നിന്നു
വേലിയേറ്റങ്ങളുടെ
വൈകുന്നേരങ്ങളിൽ അവൻ
എല്ലാം കൊടികൾക്കും മുകളിൽ
ഒഴുക്കുകൾ ഉൾവലിയുമ്പോൾ
എല്ലാ രഹസ്യങ്ങൾക്കും അടിയിൽ
വലക്കണ്ണികൾക്ക്
അവനോളം ചെറുതാകാനായില്ല
ചൂണ്ടക്കൊളുത്തുകൾക്ക്
അവനെപോലെ വളയാനും.

# കരാളയുദ്ധം

യുദ്ധം ഭ്രമിപ്പിക്കുന്നു മാനുഷ്യരെ
യുദ്ധമാം പല്ലവിയാൽ ഒഴുകുന്ന മാനുഷ്യർ
സ്നേഹത്തിൻ ഗീതതാളങ്ങൾ തകരുകയായ്
യുദ്ധത്തിൻ താളഗീതങ്ങൾ ഉയരുകയായ്
തീമഴയായ് മനുഷ്യരെ ഭ്രമിപ്പിക്കും തിന്മ
രക്തപുഴകൾ ഒഴുകുകയായ്,
ജീവന്റെ തുടിപ്പിനായ് ഭീഷണിമുഴകുന്ന
ലോകയുദ്ധങ്ങൾ.
സ്നേഹത്തിൻ ഇഴകൾപൊട്ടിതകരുകയായ്
വിണ്ണിൽ സമാധാനം എന്നേക്കുമായ് മറയുകയായ്
സ്നേഹത്തിൻ ഉജ്ജ്വലഗീതങ്ങളാകുമോ
ഇനി യുദ്ധപേമാരിതൻതിരകൾ.
യുദ്ധം പടരുന്നു,കത്തി തളിർക്കുന്നു
പൊട്ടുന്നു മാനുഷരാം ചങ്ങലകൾ.

-സബീന എം എ

# പ്രളയം

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്ക്പടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത് അതിശക്തമായ മഴയെ തുടർന്ന് കേരളത്തിലെ

മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഘലകളിൽ ഉരുൾ പൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ഉയർന്നതോടെ ഷട്ടറുകൾ തുറന്ന് വിട്ടത് വെള്ളപ്പൊക്കത്തിലെ ആഘാദം വർദ്ധിപ്പിച്ചു. 26 വർഷത്തെ ഇടവേളക്ക് ശേഷമാണ്ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ച് തുറന്നത്.അതിശക്തമായ

മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം.നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്,റെയിൽ -വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. 99-ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനു ശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്ന് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നു.

-റുബീന എം. ആർ

# കാത്തിരിപ്പ്

പത്ത് വയസ്സുള്ളപ്പോഴാണ് ഞാൻ അവളെ അവസാനമായി കണ്ടത് ആ മിഴികളും അതിലെ മിഴിനീരും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു . ഓർമ്മകളുടെ കൂടാരത്തിൽ നിന്ന് പുറത്ത് കടന്നപ്പോഴേക്കും അവിടെ എത്തിയിരുന്നു . എന്റെ കുട്ടിക്കാലം ,ഞാൻ ചിലവഴിച്ച ഇടം. കുറെ നേരം തറവാട്ടു പടിക്കലും പുരയിടത്തിലുമെല്ലാം ചുറ്റി നടന്ന ശേഷം ഞാൻ അവളെ തിരഞ്ഞിറങ്ങി. അവളുടെ വീടുണ്ടായിരുന്ന ഇടത്ത് അങ്ങനെ ഒരു വീടില്ല . അത് സർക്കാർ കയ്യേറ്റ ഭൂമിയായിരുന്നു എന്നും അതിന്റെ ഉടമസ്ഥ ഇപ്പോൾ ജയിലിലാണെന്നും അറിയുകയുണ്ടായി . അവളെ ഇനി എങ്ങനെ കണ്ടുപിടിക്കും . അപ്പോഴാണ് ഞാൻ അവനെക്കുറിച്ച് ഓർത്തത് .അവൻ ഞങ്ങളുടെ പൊതുവായ മിത്രമായിരുന്നു . ഒരുവിധത്തിൽ അവനെ തിരഞ്ഞുകണ്ടുപിടിച്ചപ്പോഴാണ് എനിക്ക് മനസ്സിലായത് . അവൾ പത്തിലും പ്ലസ് ടു വിലും ഉന്നതവിജയം കൈവരിച്ച് നല്ല എൻട്രൻസ് കോച്ചിങ്ങിനായി ജില്ലവിട്ട് പുറത്ത് പോയിരിക്കുകയാണ് . കോട്ടയത്താണ് എന്നാണ് പറഞ്ഞ് കേട്ടത് . ഞാൻ ഇവിടെ നിന്ന് പോയതിനുശേഷം ഒരുപാട് സംഭവങ്ങളുണ്ടായി . അതെല്ലാം അവന്റെ അടുത്തുനിന്നറിഞ്ഞപ്പോൾ അവളെ കാണുവാനുള്ള ആഗ്രഹവും കൂടി ......ഇനി അവളുടെ അടുത്ത് എത്താനുള്ള കാത്തിരിപ്പാണ് . അവൾക്കായുള്ള കാത്തിരിപ്പ്.

-അക്ഷയ ടി എസ്

# പ്രകൃതി മനോഹരം

പ്രകൃതിയാണു ഞാൻ
അമ്മയാണു ഞാൻ
വൃക്ഷവൃന്ദാവനങ്ങളിലേറെ
കുയിലുകൾ നാദം പാടുന്നു.

കളകളമൊഴുകും അരുവികളും
തുള്ളിച്ചാടും തുമ്പികളും
മൂളിവരുന്നൊരു വണ്ടുകളും
എന്തൊരു സുന്ദരം എന്തൊരു ഭംഗി
നമ്മുടെ പ്രകൃതിയെന്തു മനോഹരം......

ഫാത്തിമ.എം.എ

# ഓർമ്മയിലെ വസന്തം

ഇന്നുമീ സായം സന്ധ്യയിൽ
പൂമുഖപ്പടിവാതിലിലിരുന്നു
ഞാനാപോയകാലസ്മരണകളയവിറക്കീടു
മ്പോളെൻ മനതാരിൽ സുവർണ്ണകാലപ്പൂന്തോപ്പ് വിരിയുന്നല്ലോ?
മാതാപിതാക്കളും മക്കളും
മരുമക്കളും പേരക്കിടാങ്ങളുമായ് തറവാട്ടിൻ തിരുമുറ്റത്ത് പാറിപ്പറന്നിടുന്നൊരു
കാലമെത്ര സന്തോഷമെത്രസുഖമെന്നിക്കുപകർന്നി-
രുന്നിരുന്നാദിനരാത്രങ്ങൾ പുഴയോരങ്ങൾ മണൽത്തിട്ടകളും നെൽപ്പാടങ്ങളും
തിങ്ങിനിറഞ്ഞപാതയിലൂടെ നടന്നീടുമ്പോൾ
പേരക്കിടാങ്ങൾ തൻ കൊഞ്ചലുകളുമവർ തൻ കിന്നാരങ്ങളും കേട്ടു
കേട്ടപാതിവഴിയിലെത്തിയതും പിന്നെപഴകഥകളും, കഥകളും പറഞ്ഞ്
പറഞ്ഞങ്ങ്   വീടെത്തിച്ചേർന്നതും ഓർമ്മയിൽ ഇന്നു ഞാനേകയായി
പൂമുഖവാതിക്കലിരിക്കുച്ചോൾ ഞാനറിയാതെ തേങ്ങിടുന്നു ഇനിയീ
ജീവിതമെതത്ര കാലം അതുവരെയീ മധുരിക്കും  ഓർമ്മകൾ മായതെൻ
മനതാരിൽ കുടികൊള്ളണമേ  ജഗദീശ്വരാ.

-ഫാരിഷ മുജീബ്

# ചെറുശ്ശേരി



ഉത്തരകേരളത്തിൽ പഴയ
കുറുമ്പ്രനടുതാലൂക്കിലെ വടക്കയിൽ
ചെറുശ്ശേരി ജനിച്ചു 18-ാം നൂറ്റാണ്ടിലുണ്ടായ
മൈസൂർ പടയോട്ടക്കാലത്ത്
ഉത്തരകേരളത്തിൽ നിന്ന് അനേകം നമ്പൂതിരി കുടുംബങ്ങൾ
സ്ഥലം വിട്ടു കൂട്ടത്തിൽ നശിച്ച് പോയതാകണം ചെറുശ്ശേരി
ഇല്ലം. പുന്നം ഇല്ലത്തിൽ ലയിച്ചുവെന്നും ഒരു അഭിപ്രായമുണ്ട്.
പ്രാചീന കവിത്രയമായിരുന്നു .അദ്ദേഹം. 1881 ൽ
പുറത്തിറങ്ങിയ കൃഷ്ണഭാഷ ചരിത്രത്തിൽ പി. ഗോവിന്ദൻ
പിള്ള അഭിപ്രായപ്പെട്ടിരുന്നു. ഭക്തി, ഫലിതം, , ശൃംഗാരം എന്നീ
ഭാവങ്ങളാണ് ചെറുശ്ശേരിയുടെ കാവ്യങ്ങൾ ദർശിച്ചിരുന്നത്.
മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും ആദ്യമായി
കാണാൻ കഴിയുന്നത് കൃഷ്ണഗാഥയിലൂടെയാണ്.



# എന്റെ യാത്ര

ഒരു ദിവസം അതിരാവിലെ ഞാൻ ഒരു
യാത്ര പോയി.മൂന്നാറിലായിരുന്നു പോയത്.അവിടെ
പോയപ്പോൾ 12
വർഷം കൂടുമ്പോൾ ഉണ്ടാകുന്ന നീലക്കുറിഞ്ഞി
വിരിഞ്ഞു നിൽക്കുന്ന മനോഹരമായ കാഴ്ച് ഞങ്ങളെ
അത്ഭുതപ്പെടുത്തി.
വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മലകൾ
മിക്കതും ഇടിഞ്ഞു വീണിരുന്നെങ്കിലും നീല പുതച്ച
ആ കാഴ്ച എല്ലാവർക്കുംമനസ്സിനെ കുളിർമയും

സന്തോഷവും നൽകും. റോഡുകൾ മിക്കതും പുനർനിർമ്മാണം നടത്തിവരുന്നതേയുള്ളൂ എന്നാലും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതാണ് ആ കാഴ്ച്. പിന്നെ ഞങ്ങൾ തിരിച്ച് വരുന്ന സമയത്ത് തൃശ്ശൂർ മൃഗശാലയിൽ കയറി. അവിടെ ധാരാളം മൃഗങ്ങൾ ഉണ്ടായിരുന്നു. കടുവ, സിംഹം, മാൻ, കുരങ്ങൻ, കാണ്ടാമൃഗം, മുള്ളൻപന്നി. പക്ഷികൾ- മയിൽ, തത്തകൾ, മൂങ്ങ, പ്രാവ്, അരയന്നം, മുതല, എന്നിവ മൃഗശാലയിൽ ഉണ്ടായിരുന്നു.

പിന്നെ ഞങ്ങൾ മലമ്പുഴ ഡാം കാണാൻ പോയി. അവിടെ വിവിധ തരത്തിലുള്ള ചെടികൾ വച്ചു പിടിപ്പിച്ചിരിക്കുന്നു. കുട്ടികൾക്ക് കളിക്കുന്നതിനായി മനോഹരമായ പാർക്കും ഉണ്ടായിരുന്നു. ഇതായിരുന്നു എന്റെ യാത്ര.

- മാളവിക



# കുസൃതി ചോദ്യങ്ങൾ




1. അണിയാൻ പറ്റാത്ത മാല ?

തിരമാല

2. നമ്മുടെ സ്വന്തം പക്ഷെ, മറ്റുള്ളവർ ഉപയോഗിക്കും ?

പേര്

3. എപ്പോഴും കൈയ്യിൽ കൊണ്ടു നടക്കുന്ന കോൽ ?

താക്കോൽ

4. പുറകോട്ടു പോകുന്തോറും ജയിക്കുന്ന കളി ?

വടംവലി



5. തിന്നാൻ പറ്റുന്ന ആണി ?

ബിരിയാണി

6. കാണാൻ പറ്റാത്ത മാവ്?

ആത്മാവ്

7. എപ്പോഴും മിന്നിക്കൊണ്ട് നടക്കും ?

മിന്നാമിന്നി

# എന്റെ വിദ്യാലയം

അറിവ് തീജ്വാലയാണ്. അറിയുംതോറും ആഴമേറുന്ന തീജ്വാല അതിൽ എരിഞ്ഞമരുവാനും അതിനെ ഒരു ആയുധമാക്കാനും വേണ്ടിയാണ് ഞാൻ ഈ അക്ഷരമുറ്റത്തേയ്ക്ക് പിച്ചവെച്ചു നടന്നു നീങ്ങിയത്. അത് കൊള്ളരുതായ്മകളുടെ ഇരുട്ടിനെ മറച്ച് അറിവിന്റെ പ്രകാശത്തെ ജ്വലിപ്പിക്കുവാൻ അറിവിന്റെ ശക്തി തിരിച്ചറിഞ്ഞ് ബുദ്ധിപരമായ ക്രിയാത്മകതയോടെയും സ്വീകരിക്കാൻ എന്നെ സഹായിച്ച അദ്ധ്യാപകരും സുഹൃത്തുക്കളുമെല്ലാം എനിക്കു സമ്മാനിച്ചത് സ്നേഹത്തിന്റെ, പ്രോത്സാഹനത്തിന്റെ ആയിരം യുഗങ്ങളെ വെല്ലുന്ന ശക്തിയാണ്. എന്റെ കൊച്ചു കൊച്ചു തെറ്റുകളും, കുറ്റങ്ങളും വാത്സല്ല്യത്തോടെ ക്ഷമിച്ച് ശിക്ഷണം നൽകുവാനും, ആത്മാർത്ഥതയോടെയും അർപ്പണബോധത്തോടെയും അറിവിന്റെ മൊഴിമുത്തുകൾ എനിക്കു മുമ്പിൽ തുറന്നു

# അറിവിന്റെ വഴി

കാട്ടുവാനും പരിശ്രമിച്ച എന്റെ അദ്ധ്യാപകന്റെ നിസ്സ്വാർത്ഥമായ സേവനം പറഞ്ഞറിയിക്കാവുന്നതല്ല. അറിവിന്റെ വഴികളിലൂടെ കൂട്ടുകാരോടൊപ്പം കടന്നുപോയി വിജ്ഞാനത്തിന്റെ ആനന്ദവും കർമ്മത്തിന്റെ ശക്തിയും ആർജിച്ച് പഠനമൊരു ആഘോഷമാക്കുന്ന ഈ വേളയിൽ തിരിഞ്ഞുനോക്കുമ്പോൾ പറയുവാനുള്ളത് ഇത്രമാത്രം. അക്ഷരത്തിന്റെ മഴ തോരാതെ പെയ്യുമ്പോൾ അഭയം പ്രാപിച്ച അറിവിന്റെ പേടകമായ സരസ്വതി നിനക്കു പ്രണാമം. അദ്ധ്യാപിക അദ്ധ്യാപകരെ, നിങ്ങൾക്കു വന്ദനം.

-ഫാത്തിമ നെഹറിൻ

# ദുരിതം വിതച്ച വിനാശകാരി



സെന്റ്. ഫ്രാൻസിസ് എച്ച്.എസ് ഫോർ ഗേൾസ് ആലുവ

# ജീവൽസ്പന്ദനം

എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്
എന്റെ നിത്യനിദാനമാം സ്നേഹമാം
നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവെ
നെല്ലരിത്തിള വെള്ളപ്പകർച്ചയായ്
എൻ മുറിപ്പാടു പൊത്തിപൊതിഞ്ഞിടും
പഞ്ഞിയായ് നേർത്തശീലയായ്
എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്
എന്റെ ചില്ലയ്ക്കു വളങ്ങളായ്
എന്റെ അന്നമായ് ഉപ്പായ് അനജമായ്
എന്റെ നിത്യനിദാനമാം സ്നേഹമേ

-നന്ദന ഉണ്ണികൃഷ്ണൻ

# കൂട്ടുകാർ

കൂട്ടുകൂടാനായെന്റെ
കൂട്ടുതേടിയന്നൊരു
കുഞ്ഞാറ്റക്കിളി
കാറ്റിനോടു കഥ മെനഞ്ഞും
കടലിനോട് കളി പറഞ്ഞും
കാടായ കാടെല്ലാം, മേടായ മേടല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്ന
കുളിരറിയാതെ
കാവിൽ ചേർത്തുറക്കിയും
കരളിന്റെ കരളായെൻ
കളിക്കൂട്ടുകാർ

# അമ്മയുടെ മഹത്വം

ഓരോ കുഞ്ഞുങ്ങൾക്കും ജനനം നൽകുന്ന ഒരു സ്നേഹ തിടമ്പാണ് അമ്മ.അവരുടെ ജീവിതത്തേക്കാൾ അവരുടെ മക്കളുടെ ജീവിതംസന്തോഷപ്രദമാക്കാനാണ് അവർക്ക്ഇഷ്ടം.അമ്മ ഉണ്ടില്ലെങ്കിലും അവരുടെ മക്കൾകഴിക്കണം.മക്കൾ ഒന്നുവീണാൽ, ഒന്നുപിണങ്ങിയാൽ അമ്മയുടെ മനസ്സിൽ തീയാണ്.മക്കളെ ഒന്നു കണ്ടില്ലെങ്കി അമ്മയിൽ നിന്നുംഒഴുകും കണ്ണീര്.മക്കൾ എന്ത് തെറ്റ് ചെയ്താലുംക്ഷമിക്കുന്ന ഒരാൾ അമ്മയാണ്.



അമ്മയില്ലാത്ത ജീവിതം നമ്മുക്ക് ആലോചിക്കാൻ വയ്യ. എല്ലാവരും പറയാറുള്ള ഒരു കാര്യമാണ് അമ്മയുടെ ഭക്ഷണത്തിന്റെ രുചി ഒരു ഹോട്ടലിലും ലഭിക്കില്ല. അമ്മ ഉണ്ടാക്കുന്ന ഭക്ഷണത്തിന് ഒരു പ്രത്യേക രുചി തന്നെയാണ് .അമ്മയുടെ മടിയിൽ തലചായ്ച്ച് കിടന്നാൽ ആ സുഖം എവിടെയും കിട്ടില്ല .അവരുടെ സ്വത്ത് അവരുടെ മക്കളാണ് .അമ്മയുടെ താരാട്ടുപാട്ടുകൾ പോലെ വേറെ ഏതു പാട്ടുണ്ട്.നമ്മൾ എന്ത് തെറ്റ് ചെയ്താലും അവർ നമ്മെ വെറുക്കില്ല.എന്നും അവർ നമ്മളെ അനുഗ്രഹിക്കും.

- ഷബാന ഷാജി.എസ്

# തുഞ്ചത്ത് എഴുത്തച്ഛൻ

## (16-ാം നൂറ്റാണ്ട്)



ആധുനിക മലയാളഭാഷയുടെ പിതാവും കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും. മലപ്പുറം ജില്ലയിലെ തിരൂർ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്ത് തുഞ്ചൻ പറമ്പാണ് ജന്മസ്ഥലം.

പ്രധാനകൃതികൾ : അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ഇരുപത്തിനാലുവൃത്തം, മഹാഭാഗവതം കിളിപ്പാട്ട്, ചിന്താരത്നം.

സവിശേഷതകൾ: കിളിപ്പാട്ടുകൾക്ക് എഴുത്തച്ഛൻ സ്വീകരിച്ച വൃത്തങ്ങളാണ് കിളിപ്പാട്ടു വൃത്തങ്ങൾ. കാകളി, കേക, കളകാഞ്ചി എന്നിവ ഇതിൽ പ്രധാനം.

# പുകവലി ചീത്തയാണ്



ഒരു കൊച്ചു ബാലിക ഒരിക്കൽ ഗാന്ധിജിയുടെ കയ്യൊപ്പിനായി അദ്ദേഹത്തെ സമീപിച്ചു.“ഒരൊപ്പിന് അഞ്ചുരൂപയാകും" ബാപ്പുജി ചിരിച്ചുകൊണ്ട് പറഞ്ഞു. സമരഫണ്ടിലേക്ക് സംഭാവനയായി ഗാന്ധിജിക്ക് ഒരഞ്ചുരൂപ നോട്ട് കയ്യിൽ കരുതിയിരുന്നു.അതവൾ അദ്ദേഹത്തെ ഏൽപ്പിച്ചു

ബാപ്പുജി അത് വാങ്ങി അവളുടെ പുസ്തകത്താളിൽ ഒപ്പിട്ടു നൽകി.എന്നാൽ ആ ബാലിക തൃപ്തയായില്ല.അവൾ പറഞ്ഞു.

"ബാപ്പുജി വെറുതെ ഒരു ഒപ്പു മാത്രം പോരാ.അങ്ങയുടെ രണ്ടു വാക്കും കൂടി വേണം.”

അവളുടെ നിഷ്കളങ്കമായ വർത്തമാനം കേട്ടപ്പോൾ ബാപ്പുജിക്ക് സന്തോഷം തോന്നി.അദ്ദേഹം ചോദിച്ചു.

“കുട്ടി,നിന്റെ അച്ഛനെന്താണ് ജോലി?” “അച്ഛന് പുകയിലക്കച്ചവടമാണ്”

ബാപ്പുജി അവളുടെ പുസ്തകത്തിൽ ഇങ്ങനെ കുറിച്ചു.**പുകവലി ചീത്തയാണ്**

# എന്റെ അച്ഛൻ ,എന്റെ നന്മ

എന്നെ അറിയുന്നതും
എന്നെ സ്നേഹിക്കുന്നതും
എന്റെ കാര്യങ്ങൾ നിറവേറ്റിതരുന്നതും
എന്റെ അച്ഛനാണ്
എന്നെ പിൻതുടരുന്നതും
എനിക്ക് വേണ്ടി ത്യാഗം ചെയ്യുന്നതും
എന്റെ അച്ഛനാണ്
എനിക്ക് നേർവഴി കാട്ടിതരുന്നതും
എനിക്ക് നല്ലത് പറഞ്ഞുതരുന്നതും
എന്റെ അച്ഛനാണ് എന്റെ എല്ലാ
കാര്യത്തിനും സഹായിക്കുന്നതും
എന്നും എന്റെ കൂടെയുണ്ടാകുന്ന
എന്റെ വീരനാണ്
എന്റെ അച്ഛൻ

-ഫർഹത്ത് എം.എം

# അമ്മ

അമ്മയാണെന്റെ ജീവിതം
അമ്മതൻ സ്നേഹത്തിന്
പകരം വയ്ക്കാൻ
പാരിൽ മറ്റെന്തുണ്ട് വേറെ
അമ്മതന്നമ്മിഞ്ഞ പാലിൻ മധുരം
എന്നുമെൻ നാവിൽ കൊതിയൂറുന്നു
അമ്മയുടെ നെഞ്ചിൽ ചൂടേറ്റുറങ്ങുവാൻ
എപ്പോഴുമെൻ ഹൃദയം വെമ്പിടുന്നു

-ആദിത്യ മനോജ്

# പ്രിയദർശനം

കഷ്ട്ടകാലമഖില കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ,ഭവാൻ പണ്ടിഷ്ടയാം
നളിനി ഞാൻ മഹാമതേ.
പ്രാണനോടുമൊരുനാൾ ഭവൽപദം
കാണ്മവാൻ ചിരമഹോ കൊതിച്ച ഞാൻ
കേണുവാണിവിടെ,യേകമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ-
സന്ന്യസിച്ചുള്ളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണു-
ഞാൻ,ധന്യയായ് സപദി കാൺകമൂല-
മങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും.

-സ്നേഹ സാബു

# ഒരിക്കലും

ഓരോ ദിനവും കഴിഞ്ഞുപോകും
ഓരോയിതളും കൊഴിഞ്ഞുപോകും
ഓർക്കണം നമ്മുടെ ഓരോ നിമിഷവും,
ഒരിക്കലും തിരിച്ചുവരില്ല
ഒരിക്കലും മടങ്ങിവരില്ല,
കിട്ടുന്ന സമയമത്രയും,
കൂടുതലുപകാരപ്രദമാക്കണം-
വേഗത്തിലുപയോഗപ്രദമാകണം
വേഗത്തിൽ നന്മകൾ ചെയ്തീടണം.

-ആദിത്യ മനോജ്

# നമ്മുടെ എഴുത്തുകാർ



**സുഗതകുമാരി (ജനനം :1934)**

തിരുവനന്തപുരത്ത് ജനിച്ചു. കവിയത്രിയും പരിസ്ഥിതി സ്ത്രീ പ്രശ്നങ്ങളിലെ സജീവസാന്നിദ്ധ്യവുമാണ്.സംസ്ഥാന വനിത കമ്മീഷൻ അദ്ധ്യക്ഷ,തിരുവനന്തപുരം ജവഹർ ബാലഭവൻ പ്രിൻസിപ്പൽ, തളിര് ബാലമാസിക പത്രാധിപ എന്നീ നിലകളിൽ പ്രവർത്തിച്ചു.

പ്രധാന കൃതികൾ : പാതിരപ്പൂക്കൾ , രാത്രിമഴ, അമ്പലമണി , മുത്തുച്ചിപ്പി, ഇരുൾച്ചിറകുകൾ , പാവം മാനവഹൃദയം, രാധയെവിടെ, കാവു തീണ്ടല്ലേ, കൃഷ്ണകവിതകൾ,ദേവദാസി.

പുരസ്കാരങ്ങൾ : കേന്ദ്രസാഹിത്യ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ആശാൻ പ്രൈസ്, എസ്. പി. എസ് അവാർഡ്, സേക്രഡ്സോൾ അന്തർദേശീയ പുരസ്കാരം , വൃക്ഷമിത്ര അവാർഡ് വള്ളത്തോൾ പുരസ്കാരം

# ചരിത്ര ക്വിസ്

1)ഏഷ്യഡിൽ വ്യക്തികത സ്വർണ്ണം നേടിയ ആദ്യ ഇന്ത്യൻ വനിത?

കമൽ ജിത്ത് സന്ധു

2 )കൽപന ചൗളയ്ക്ക് ശേഷം ബഹിരാകാശ ദൗത്യത്തിന് നാസ തിരഞ്ഞെടുത്ത ഇന്ത്യക്കാരി?

സുനിത ലിൻ വില്യംസ്

3)ഇന്ത്യക്കാർക്ക് ഇതുവരെ നൊബേൽ സമ്മാനം ലഭിച്ച  വിഷയം?

രസതന്ത്രം

4)രണ്ടാമത്തെ ബഹിരാകാശ വിനോദസഞ്ചാരി ആര്?

മാർക്ക് ഷട്ടിൽ വർത്ത്

5)കേരളത്തിലെ ആദ്യത്തെ ടൂറിസം ഗ്രാമം?

കുമ്പളങ്ങി (എറണാകുളം)

6)ആദ്യമായി ഒളിംപിക്സ് മെഡൽ നേടിയ ഇന്ത്യൻ വനിത?

കർണ്ണം മല്ലശ്ശേരി

7)ഒളിംപിക്സ് ഫൈനലിലെത്തിയ ആദ്യ വനിത ?

പി. ടി. ഉഷ

8)ഇന്ത്യയുടെ ആദ്യത്തെ വനിത വിദേശകാര്യ സെക്രട്ടറി?

ചോലിക അയ്യർ

9)ഫ്രഞ്ച് വിപ്ലവം നടന്ന വർഷം?

1789

10)കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ?

ഇ എം എസ് നമ്പൂതിരിപ്പാട്

-ഫാരിഷ മുജീബ്

# സമൂഹത്തിൽ സൗഹൃദത്തിനുള്ള പ്രാധാന്യം

സൗഹൃദം എന്നത് ബന്ധങ്ങളിൽ തന്നെ ഏറ്റവും ഭംഗിയേറിയ ഒന്നാണ്. അത് ദൈവത്തിന്റെ ഏറ്റവും വലിയ വരദാനമാണ്. സൗഹൃദം എന്ന ദൈവം തന്ന ആ സമ്മാനം നമുക്ക് കിട്ടിയത് കൊണ്ടാണ് ഈ വാശിയും പകയും ദേഷ്യവും ഏറിയ ലോകത്ത് ചിലർക്കെങ്കിലും സമാധാനത്തോടെയും സന്തോഷത്തോടെയുംജീവിക്കാൻസാധിക്കുന്നത് .

ദൈവം നമുക്ക് പല പല ബന്ധങ്ങൾ തന്നിട്ടുണ്ട് . പക്ഷേ അതിൽ വച്ച് ജാതി , മതം, പ്രായം എന്നിങ്ങനെ യാതൊരു ഭേദങ്ങളും ഇല്ലാത്ത ഒരേയൊരു ബന്ധം സൗഹൃദം തന്നെയാണ്. ഈ ബന്ധത്തിന് ആകെ ആവശ്യം രണ്ട് ഹൃദയങ്ങൾ തമ്മിലുള്ള സ്നേഹമാണ്.

നമുക്ക് മാനസികമായി ഉള്ള ഏതൊരു വേദനയും നമ്മുടെ സുഹൃത്തുക്കൾ പരിഹരിക്കും . അവർ നമ്മെ എപ്പോഴും സന്തോഷത്തിൽ കാണാൻ ആഗ്രഹിക്കുന്നു . അതു കൊണ്ടുതന്നെ ഈ സമൂഹത്തിൽ വച്ച് ഏറ്റവും പ്രാധാന്യമേറിയതും വിലയേറിയതുമായ ബന്ധം" സൗഹൃദം" ആണ്.

# കേരളം

പ്രധാനപ്പെട്ട നഗരങ്ങൾ- കൊച്ചി, കോഴിക്കോട്, തൃശ്ശൂർ.

വിസ്തീർണം -38,863.

പ്രധാനപ്പെട്ട നാണ്യവിളകൾ - തേങ്ങ, റബ്ബർ.

ജനസംഖ്യ -3,18,60870

പ്രധാനപ്പെട്ട ഭക്ഷ്യവിളകൾ - അരി.

തലസ്ഥാനം - തിരുവനന്തപുരം.

പ്രധാനപ്പെട്ട നദികൾ - ഭാരതപ്പുഴ, പെരിയാർ.

പ്രധാനപ്പെട്ട വ്യവസായങ്ങൾ - റബ്ബർ, കയർ.

ഭാഷ - മലയാളം.

- അൽഫിയ. എം. എ.

# ചാന്ദ്രദിന ക്വിസ്സ്

1) ആദ്യ കൃത്രിമോപഗ്രഹം?

ഉ : സ്പുട്നിക്

2) ഇന്ത്യയുടെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം?

ഉ : ആര്യഭട്ട

3) സൂര്യനോട് അടുത്ത ഗ്രഹം

ഉ : ബുധൻ

4) എന്നാണ് ഭൗമ ദിനം

ഉ : ഏപ്രിൽ 22

5) ചന്ദ്രനിൽ ആകാശത്തിന്റെ നിറം

ഉ : കറുപ്പ്

6) ഏത് ഗ്രഹത്തിന്റെ ഉപഗ്രഹമാണ് ടൈറ്റാൻ?

ഉ : ശനി

7) പ്രഭാത നക്ഷത്രം എന്നറിയപ്പെടുന്നത് ഏത് ഗ്രഹമാണ്

ഉ : ശുക്രൻ

8) വിമാനത്തിലെ "ബ്ളാക്ക് ബോക്സിന്റെ' നിറം?

ഉ : ഓറഞ്ച്

9) ചന്ദ്രനിൽ നിന്ന് ഭൂമിയിലേക്ക് പ്രകാശം എത്താൻ എത്ര ദൂരമുണ്ട്?

ഉ :1.3 സെക്കന്റ്

10) ഭൂമിയോട് ഏറ്റവും അടുത്ത് കിടക്കുന്ന നക്ഷത്രം? ഉ : സൂര്യൻ

# സുന്ദരലോകം

നമുക്കുവേണ്ടി നീലാകാശം
എന്നും കുടകൾ നിവർത്തുന്നു
നമുക്കുവേണ്ടി പൂന്തോട്ടത്തിൽ
എന്നും പൂക്കൾ വിടരുന്നു
നമുക്കു കണ്ടു രസിച്ചീടാൻ
എന്നും തുമ്പികൾ തുള്ളുന്നു
നമ്മുടെ കണ്ണിനു കുളിരേകാൻ
എന്നും കുളിർമഴ പൊഴിയുന്നു
നമ്മോടൊത്ത് കളിച്ചീടാൻ
എന്നും കാറ്റും കൂടുന്നു
നമുക്കുവേണ്ടി ചെറുകിളികൾ
എന്നും ഗാനം മീട്ടുന്നു
എന്തൊരു സുന്ദരമാണിവിടം
എങ്ങനെതിരികെ പോകും നാം

# നമുക്ക് പ്രളയം മതി

പ്രളയംവന്നപ്പോൾ

ഒരേ കയ്യിൽ

പിടിച്ച കയറിയവർ

ഒരു പാത്രത്തിൽ  നിന്നുണ്ടവർ

ഒരു വരിയിൽ നിന്നവർ

ഒരു വിരിയിൽ കിടന്നവർ

വെള്ളമിറങ്ങിയപ്പോൾ

പാർട്ടിയായി

സംഘടനയായി

ജാതിയായി

മതമായി

തള്ളായി തല്ലായി....

ഉണ്ണിപറഞ്ഞു  വെയിലുവേണ്ടമ്മേ

നമുക്ക് പ്രളയം മതി.

-ആശാ മെഹർ ടി.എ

# സുന്ദരിയായ ചക്കിക്കാക്ക



കിങ്ങിണിക്കാട്ടിൽ ചക്കി എന്ന പേരുള്ള ഒരു കാക്ക താമസിച്ചു വരികയായിരുന്നു. സന്തോഷവതിയായ കാക്ക ഒരു ദിവസം വെള്ളം കുടിക്കുവാൻ വേണ്ടി കാട്ടുചേലയിൽ പോയിരുന്നു. വെള്ളം കുടിക്കുന്നതിനിടെ സ്വന്തം പ്രതിരൂപം വെള്ളത്തിൽ കണ്ട കാക്ക ദുഃഖിതയായി. അയ്യോ ഞാൻ കറുത്തിരിക്കുകയാണല്ലോ എന്ന ദുഃഖത്തോടെ കാക്ക പറന്നുയർന്നു. അപ്പോൾ താഴെ ഒരു കൊക്ക് ഇരിക്കുന്നതു കണ്ടു. കാക്ക ഉടനെ അതിന്റെ അടുത്തെത്തി. കൊക്കെ, കൊക്കെ, നീ നല്ല സുന്ദരിയാണല്ലോ? നിനക്ക് നല്ല വെള്ള

നിറമുണ്ടല്ലോ? അപ്പോൾ കൊക്ക് പറഞ്ഞു. എന്നേക്കാൾ സൗന്ദര്യം തത്തയ്ക്കുണ്ടല്ലോ. ഉടനെ കാക്ക തത്തയുടെ അടുത്തേക്ക് പറന്നു. തത്തേ തത്തേ, നിനക്കെന്തു ഭംഗിയാണ്. നീ സുന്ദരിയാണല്ലോ? അപ്പോൾ തത്ത പറഞ്ഞു. ഇവിടെ എന്നേക്കാളും ഭംഗിയുള്ള പക്ഷി വേറെയുണ്ടല്ലോ? നീ മയിലിനെ കണ്ടിട്ടില്ലേ? എന്ന് തത്ത ചോദിച്ചു. ഇല്ല.....എവിടെയാണ് മയിലിനെ കാണാൻ സാധിക്കുക? അപ്പോൾ തത്ത പറഞ്ഞു ഇവിടെ അടുത്തെങ്ങുമില്ല. അങ്ങ് ദൂരെ പട്ടണത്തിലെ മൃഗശാലയിൽ പോയാൽ കാണാം. ഉടനെ കാക്ക മൃഗശാലയിലേക്ക് പറന്നു. മയിലിനെ കണ്ടു കാക്ക ചോദിച്ചു. മയിലേ....നിനക്ക് ഇത്രയും ഭംഗിയുള്ള പീലി എങ്ങെ കിട്ടി? നീ സുന്ദരിയാണല്ലോ? അതുക്കൊണ്ട് നീ

ഭാഗ്യശാലിയാണ്.അപ്പോൾ മയിൽ

പറഞ്ഞു.സൗന്ദര്യമുണ്ടെങ്കിലും എനിക്ക് നിന്നെ പോലെ

സ്വാതന്ത്ര്യമില്ലല്ലോ? എന്റെ ഈ സൗന്ദര്യമാണ് എന്റെ ഈ

സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയത്.അതുകൊണ്ട് സൗന്ദര്യം

കുറവാണെന്കിലും സ്വാതന്ത്ര്യമുള്ള നീയാണ് യഥാർത്ഥ

ഭാഗ്യശാലി.ഇതുകേട്ട ചക്കികാക്ക സന്തോഷത്തോടെ

പറന്നുയർന്നു.

# സ്നേഹിതർ

കൊതിച്ചുപോകുന്നു ഞാനാ നാളുകൾ
ഒരിക്കലെങ്കിലും തിരിച്ചുവരുവാനായി.
മറക്കുകില്ല ഞാനാരേയും
എൻ മരണം വരെയും.
അറിഞ്ഞു ഞാൻ ഇന്നെൻ മനസ്സിൻ ഭാരം
കരയുവാൻ കഴിയില്ലെനിക്കൊരിക്കലും.
അത് നനയ്ക്കുവാൻ
സുഹൃത്ത് ഹൃദയത്തിൽ
ഇരിക്കുവാൻ കൊതിക്കുന്നു ഞാനാ-
ഓർമകൾക്കൊപ്പം.
അറിഞ്ഞിരുന്നവരെന്ന-

എൻ മനസ്സെന്നപോലെ

അറിഞ്ഞു ഞാൻ അവരേയും

എൻ പ്രാണനിലേറെ.

ദീർഘമാം നിശ്വാസത്തിൻ

അറിഞ്ഞു ഞാൻ ആ സ്നേഹസ്പർശം.

വിരിഞ്ഞെൻ മലർ പുഷ്പങ്ങൾ

വാടുകില്ലവയൊരിക്കലും.

നൽകും ഞാൻ സ്നേഹമാം

ജല ബാഷ്പം.

- റെജീന ടി.കെ

# LOVE

*Some Where There's Some One*
*Who Dreams Of Your Smile*
*And Finds In Your Presence*
*That Life Is Warth While*
*So When You Are Lonely*
*Remember This Is True....*
*Somebody, Somewhere Is Thinking For You.....*

*-ASHNA*

# *MY DEAR*

***I hold you dear***
***you stopped my tears***
***drived away my fear***
***stay with me hear***
***stay in heart and glows in brain***
***don't leave me again***
***when I reach in your heart domain***
***my future will need be the same***
***please create my aim.***

***-Haneena P.A***

# FRIENDSHIP



*Stars have five ends*
*squares have four ends*
*triangles have three ends*
*lines have two ends*
*and I hope...our friendship has no end.*
*Largest love is mother's love*
*sweetest love is lover's love*
*but,the strongest love is friend's love.*
*I don't need words to express,*
*I don't need tears to shed,*
*I don't ask for a smile*
*or a hand to hold me*
*all I need is to be yours friend forever...*

***friendship is like the relationship between hands and eyes when hand gets injured eyes will cry and when eyes shed tears hand will try to wipe it. You are the eyes and I'm the hand:***

***''FRIENDSHIP IS FOREVER''***

***-Farisha Mujeeb***

# Wonderful World

*In every god's creature our world is wonderful*
*there are so many bird, tree's .........*
*every thing are beautiful*
*it is a wonderful world*
*the god's gift is this nature*
*in every things are equal in front of god*
*but human beings are lost the god's gift*
*that is deforestation....*
*at last our wonderful world is without beauty..............*
*like a desert...............*
*in the next generation our world is like one desert...........*

*FATHIMA A. A*

# REPUBLIC DAY





*Ours is a land of sages*
*Known for bravery for ages*
*None can complete with it.*
*Its culture none can beat,*
*Whatever Caste or Religions*
*All live here in universe*
*With river, sweet Mountains*
*Its a land of high mountains*
*Its green Forest are Pretty*
*And are source of Prosperity*
*Lets for it Work hard*
*For its Safely be, one the Guard*

*JAI HIND*

*Fathima Farhana*

# INTERNET



*Internet! Internet*
*you carry the world over you*
*You get human mind connected*
*And makes a country the best*
*You give man the supreme knowledge*
*You give news scopes to younger generation*
*And get us everything under sky*
*trade,transport of business for elders*
*Books for games for our younger ones*
*Special types for those frightened by exams*
*You spin the world in your finger tip*
*You are simply super.............*

*-Nehala*

# SCIENCE QUIZ

***1 Which is the biggest butterfly ?***
***Garudashalabam***
***2 Which is the smallest butterfly ?***
***Ratnavali***
***3 Which spices is called black gold ?***
***Pepper***
***4 Which is the queen of spices ?***
***Cardamon***
***5 which is the biggest fruit ?***
***Jack fruit***
***6 which is the fruit name and its colour same ?***
***Orange***

*7 which is the flower name and its colour same ?*

*Rose*

*8 which is our state fish ?*

*Green chromide (karimeen)*

*9 which is the king of fruits ?*

*Mango*

*10 Which is the smallest hower in world ?*

*Wolffia*

*Haifa sajeeb*

# THE KINGS OF ST. FRANCIS

**St.francis !**
**Our school . . . .**
**Which shines like a diamond**
**Spread out in Aluva**
**St.francis is a garden**
**And we are the roses**
**We are a garland**
**For all the scholars and**
**We are thorns for**
**Who reject the knowledge**
**We believe that**
**Knowledge is power....**

**- Farhath M.M**


# RAIN

*I come with the signal of thunder*

*And make people wonder.*

*I come from dark cloud*

*And make the noise loud.*



*I spread all around green army, and take away aching misery.*

*I give farmers a charming smile By making their produce till a mill .*

*I fall with the droplet of diamond, and make unhappy people brightened I am like a shower,*

*And lend a hand to grow flower.*

*With mortals I had a lot of fun, And now I am giving away to sun, I am sweaty known as rain,with a lot of fun.*

*-Fasna shajahan*

# DAD MY HERO

*The one who loves me*
*The pillar of my success*
*THAT IS MY DAD*


*The one whom I always follow*
*The man who sacrifices for me*
*THAT IS MY DAD*

*The man who shows the way*
*The man who guides the way*
*THAT IS MY DAD*

*The man who always support me*
*One who is my super hero*
*THAT IS MY DAD*

*Deva priya*

# BOOKS



*What worlds of wonder are our books!*
*As one opens them and looks,*
*New ideas and people rise*
*In our fancies and our eyes*
*The room we sit in melts away*
*And we find ourselves at play*
*with someone who,before the end*
*May become our chosen friend .*
*Or we sail along the page*
*To some other land or age*
*here our body in the chair ,*
*But our mind is over there*
*Each book is a magic box*
*Which with a touch a child unlocks*
*In between their outside covers*
*Books hold all things for their lover*

*-Farisha Mujeeb*

# BEAUTY

*Plants, plants, plants*
*Plants are the trees of tomorrow*
*The tree that never fades*
*The tree that never falls*
*Soft, soft, soft*
*Soft petals of roses*
*The roses of nature*
*The roses that never fades*
*The rose that never falls*

*What a beauty*
*The nature has ..........!!!*

*-Farisha Mujeeb*

# നന്ദിപൂർവ്വം

ഈ മാഗസിന് വേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങളുടെ നന്ദി......................

